എ.ഇ.എൽ /32175/11

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 9/11/2013

**Email : keralarcs.coop@kerala.gov.in**
**Website : www.cooperation.kerala.gov.in**
**Tel : No. 0471 2330726**

# സർക്കുലർ നമ്പർ 68/2013

വിഷയം: സഹകരണ വകുപ്പ് – സമാപ്തീകരണത്തിലുള്ള സഹകരണ സംഘങ്ങളുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നത്– സംബന്ധിച്ച്.

.................

1969–ലെ കേരള സഹകരണ നിയമം വകുപ്പ് 72(1) പ്രകാരം നിയമിതനാകുന്ന ലിക്വിഡേറ്റർ, ലിക്വിഡേഷൻ നടപടികൾ മൂന്ന് വർഷത്തിനകം പൂർത്തിയാക്കണമെന്നുണ്ട്. എന്നാൽ കേരള സഹകരണ ചട്ടം 69 ഉപചട്ടം (12) പ്രകാരം ലിക്വിഡേറ്ററുടെ നിയന്ത്രണാതീതമായ കാരണങ്ങൾ കൊണ്ട് സമാപ്തീകരണ നടപടികൾ നിശ്ചിത സമയത്തിനകം (3 വർഷത്തിനകം) പൂർത്തിയാക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടായാൽ ലിക്വിഡേറ്ററുടെ കാലാവധി ദിർഘിപ്പിക്കുന്നതിന് മതിയായ കാരണങ്ങൾ സഹിതം രജിസ്ട്രാർക്ക് അപേക്ഷ നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരള സഹകരണ ചട്ടത്തിലെ മേൽ നിർദ്ദേശം, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പാലിക്കുന്നതായി കാണുന്നില്ല. ആയതിനാൽ സമാപ്തീകരണത്തിലായ സഹകരണ സംഘങ്ങളുടെ സമാപ്തീകരണ നടപടികൾ പൂർത്തിയാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സമാപ്തീകരണത്തിന് ഉത്തരവായ സഹകരണ സംഘങ്ങളുടെ നടപടികൾ മൂന്ന് വർഷത്തിനകം പൂർത്തിയാക്കേണ്ടതാണ്.

2) ലിക്വിഡേറ്ററുടെ നിയന്ത്രണാതീതമായ കാരണങ്ങൾ കൊണ്ട് മേൽ പ്രസ്താവിച്ച കാലാവധിയ്ക്കുള്ളിൽ ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് കഴിയാത്ത സാഹചര്യമുണ്ടായാൽ ലിക്വിഡേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർ മുഖാന്തിരം സഹകരണ സംഘം രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

3) ടി അപേക്ഷയോടൊപ്പം ലിക്വിഡേറ്ററുടെ തീരുമാനം, ലിക്വിഡേറ്ററെ നിയമിച്ച ഉത്തരവിന്റെ പകർപ്പ്, ലിക്വിഡേഷന് ആധാരമാക്കിയ അന്വേഷണ റിപ്പോർട്ടിന്മേൽ പരാമർശിച്ചിട്ടുള്ള സംഘത്തിന് ലഭിക്കേണ്ട/ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ട തുകകൾ ഈടാക്കിയതിനെ സംബന്ധിച്ച വിവരങ്ങൾ, സംഘത്തിന് ഈടാക്കേണ്ട മറ്റ് തുകകൾ ഈടാക്കിയതിനെ സംബന്ധിച്ച വിവരങ്ങൾ, സർക്കാരിലേയ്ക്ക് അടയ്ക്കാനുള്ള തുകകൾ അടച്ചത് സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയ വിശദ വിവരങ്ങൾ സഹിതം സമർപ്പിക്കേണ്ടതാണ്.

4) ലിക്വിഡേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ ലിക്വിഡേറ്ററുടെ കാലാവധി അവസാനിക്കുന്ന തീയതിയ്ക്ക് ഒരു മാസത്തിന് മുമ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

5) കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള ന്യായീകരണവും, വ്യക്തമായ അഭിപ്രായവും സമർപ്പിക്കേണ്ടതാണ്.

ഒപ്പ്,
കെ.വി.സുരേഷ് ബാബു
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

<u>പകർപ്പ്:-</u>

1. ബഹുമാനപ്പെട്ട ഹൈക്കോടതി രജിസ്ട്രാർ, എറണാകുളം
2. ബഹുമാനപ്പെട്ട നിയമസഭാ സെക്രട്ടറി, തിരുവനന്തപുരം
3. ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം.
4. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
5. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
   എല്ലാ ലിക്വിഡേറ്റർമാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
7. എഡിറ്റർ സഹകരണ വീഥി, തിരുവനന്തപുരം.
8. **വെബ്സൈറ്റ്,**
9. **സ്റ്റോക്ക് ഫയൽ/സ്പെയർ.**